# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5539** — 02.07.2014-ൽ മറുപടിക്ക്

## നഗരാരോഗ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>,, വി. റ്റി. ബൽറാം :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, വി. ഡി. സതീശൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരാരോഗ്യപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ : വിശദമാക്കാമോ ; | (എ) തുടക്കം കുറിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 5 കോർപ്പറേഷനുകളിലും, 10 മുനിസിപ്പാലിറ്റികളിലും ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് : വിശദാംശങ്ങൾ എന്തെല്ലാം : | (ബി) * ഓരോ അമ്പതിനായിരം ജനസംഖ്യയ്ക്കും ഒരു നഗര പ്രാഥമികാരോഗ്യ കേന്ദ്രം എന്ന തോതിൽ ചേരി പ്രദേശങ്ങളിലെ 500 മീറ്റർ സമീപം വരെ ആരോഗ്യസേവനം എത്തിക്കുക.<br>* ഓരോ നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിലും എല്ലാ ദിവസവും ഔട്ട് പേഷ്യന്റ് ചികിത്സ ലഭ്യമാക്കുക.<br>* ലബോറട്ടറി സംവിധാനം ലഭ്യമാക്കുക.<br>* പ്രതിരോധ കുത്തിവയ്പ് പരിപാടി.<br>* ആശുപത്രി കേന്ദ്രീകരിച്ചുള്ള നഴ്സിംഗ് പരിചരണം, സൗജന്യ മരുന്ന് വിതരണം.<br>* ജീവിതശൈലീ രോഗ നിർണ്ണയ നിയന്ത്രണ ക്ലിനിക്കുകൾ.<br>* ദേശീയ ആരോഗ്യ പരിപാടികൾ.<br>* ഓരോ നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിലും 2 ഡോക്ടർമാർ, 3 സ്റ്റാഫ് നേഴ്സ്, 1 ഫാർമസിസ്റ്റ്, 1 ലബോറട്ടറി ടെക്നീഷ്യൻ, 2 ഇതര ജീവനക്കാർ എന്നിവരുടെ സേവനമാണ് ലഭ്യമാക്കുക.<br>* ഓരോ പതിനായിരം ജനസംഖ്യയ്ക്കും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ സേവനം ഉറപ്പാക്കുക വഴി മാതൃശിശു ആരോഗ്യ പരിപാടികൾ, ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടികൾ എന്നിവയ്ക്ക് മുൻതൂക്കം നൽകുവാൻ സാധിക്കുന്നു.<br>* പെരുമാറ്റ വ്യതിയാനത്തിനായുള്ള ആശയ വിനിമയ പരിപാടികൾ. |

(.....2)

(സി) ഏതു കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) 2013-14 സാമ്പത്തിക വർഷം ആദ്യപടിയായി 5 കോർപ്പറേഷനുകളും (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്), 10 മുനിസിപ്പാലിറ്റികളിലുമായി (നെയ്യാറ്റിൻകര, പത്തനംതിട്ട, ആലപ്പുഴ, തൊടുപുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, കൽപ്പറ്റ, കണ്ണൂർ, കാസർഗോഡ്) എന്നിവിടങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നത്.

(ഡി) എന്തൊല്ലാം കേന്ദ്ര സഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായത്തിനായി പദ്ധതി തയ്യാറാക്കി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

* നഗര ആരോഗ്യ പദ്ധതി നടപ്പിലാക്കേണ്ടതായ നഗരങ്ങളുടേയും, ചേരിപ്രദേശങ്ങളുടേയും ലിസ്റ്റ് ചെയ്യുകയും അവയുടെ ഭൂപടങ്ങൾ തയ്യാറാക്കുകയും ചെയ്യുക.
* സംസ്ഥാന, ജില്ലാ, നഗര തലങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഘടന/ സൗകര്യങ്ങൾ സൃഷ്ടിക്കുക അല്ലെങ്കിൽ നിലവിലുള്ള സംവിധാനങ്ങളെ ശാക്തീകരിക്കുക.
* നഗര ആരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ കാര്യനിർവ്വഹണ ശേഷി പരിശീലനങ്ങൾ നൽകി ശാക്തീകരിക്കുന്നതിനായുള്ള ധനസഹായം.
* നിലവിലുള്ള ആരോഗ്യ സേവനങ്ങൾ ശാക്തീകരിക്കുക.
* പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനായുള്ള ധനസഹായം.
* പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം.
* സ്വതന്ത്രവിനിയോഗ ഫണ്ടുകൾക്കായുള്ള ധനാഭ്യർത്ഥന.
* ആവശ്യമായ മരുന്നുകളും സാധനസാമഗ്രികളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനാവശ്യമായ ധനസഹായം.
* സമൂഹത്തിന്റെ അടിത്തട്ടിലേക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ധനസഹായം.
* പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും വിലയിരുത്തലിനും ആവശ്യമായ ധനസഹായം.

സെക്ഷൻ ഓഫീസർ